**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 659** **13-01-2021 - ൽ മറുപടിയ്ക്ക്**

**സഹകരണ ബാങ്കുകളിലെ ക്രമക്കേടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ . എം . ഉമ്മർ ,<br>ശ്രീ . അബ്ദുൽ ഹമീദ് .പി .,<br>ശ്രീ . പാറക്കൽ അബ്ദുല്ല | | Shri. Kadakampally Surendran<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | സഹകരണബാങ്കുകളിലെ സ്ഥിര നിക്ഷേപത്തിന്റെ സർട്ടിഫിക്കറ്റ് ഉപയോഗിച്ച് വായ്പകളെടുക്കുന്നതായ സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്. സഹകരണ ബാങ്കുകളിൽ അംഗീകരിച്ചു കിട്ടിയ ബൈലയുടെയും ഉപനിബന്ധന കളുടെയും അടിസ്ഥാനത്തിൽ സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റിന്റെ ഈടിൻമേൽ വായ്പ അനുവദിക്കുന്നതാണ്. |
| (ബി) | തിരിമറികൾ യഥാസമയം കണ്ടെത്തുന്നതിൽ ഉദ്യോഗസ്ഥന്മാർക്ക് വീഴ്ച ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; | (ബി) | സഹകരണ വകുപ്പ് ഉദ്യോഗസ്ഥരുടെ പരിശോധനയിലാണ് പ്രസ്തുത തിരിമറികൾ കണ്ടുപിടിച്ചിട്ടുള്ളത്. |
| (സി) | ഇത്തരം ക്രമക്കേടുകൾ തടയുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ? | (സി) | ജില്ലാ തലത്തിൽ ജോയിന്റ് രജിസ്ട്രാർമാരും താലൂക്ക് തലത്തിൽ അസിസ്റ്റന്റ് രജിസ്ട്രാർമാരും യൂണിറ്റ് തലത്തിൽ ഇൻസ്പെക്ടർമാരും സഹകരണ സംഘങ്ങളിൽ നടത്തി വരുന്ന ആകസ്മിക/ വിശദ പരിശോധനകൾ കൂടുതൽ കാര്യക്ഷമ മാക്കിയിട്ടുണ്ട്. സഹകരണ സംഘങ്ങളിൽ ക്രമക്കേടുകൾ ആരോപിക്കപ്പെട്ട് താലൂക്ക് തലത്തിലും ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും ലഭിക്കുന്ന പരാതികളിന്മേൽ ഫലപ്രദമായ അന്വേഷണം നടത്തുകയും ആരോപണങ്ങളിൽ കഴമ്പുണ്ടെന്ന് കാണുന്ന പക്ഷം സഹകരണ നിയമം വകുപ്പ് 65, 66 എന്നിവ പ്രകാരമുള്ള തുടർ അന്വേഷണങ്ങൾ/ പരിശോധനകൾ നടത്തുകയും അന്വേഷണ റിപ്പോർട്ടിലെ ശുപാർശകൾ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. സഹകരണ സംഘങ്ങളുടെ പ്രവർത്തന ങ്ങളിൽ അഴിമതിയും ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകളും ആരോപിക്കപ്പെട്ട് ലഭിക്കുന്ന പരാതികളിന്മേൽ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ സഹകരണ നിയമം വകുപ്പ് 68(എ) പ്രകാരം പ്രവർത്തിച്ചു വരുന്ന സഹകരണ വിജിലൻസ് സംവിധാനത്തിലൂടെ അന്വേഷണം |

| | | | |
|---|---|---|---|
| | | | നടത്തു കയും അന്വേഷണ റിപ്പോർട്ടിലെ ശുപാർശ കളുടെ അടിസ്ഥാനത്തിൽ സത്വരമായ തുടർ നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ